**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 988** **24-02-2022 - ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാർ അണക്കെട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തമിഴ്നാട് മുന്നറിയിപ്പില്ലാതെ മുല്ലപ്പെരിയാറിലെ ജലം തുറന്നുവിടുന്നത് ബഹുമാനപ്പെട്ട സുപ്രീം കോടതിയെ ബോധ്യപ്പെടുത്തുന്നതിലും ഷട്ടറുകൾ തുറക്കുന്നതിനുള്ള സമയം, തുറന്നുവിടുന്ന വെള്ളത്തിന്റെ തോത് എന്നിവ നിശ്ചയിക്കാൻ സംയുക്ത സമിതി രൂപീകരിക്കണമെന്ന ആവശ്യം നേടിയെടുക്കുന്നതിലും പരാജയപ്പെടാൻ ഇടയായിട്ടുണ്ടോ; എങ്കിൽ കാരണം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (എ) | 30/11/2021 മുതൽ 06/12/2021 വരെയുള്ള കാലയളവിൽ ക്രമാനുഗതമല്ലാതെയും മറ്റും തമിഴ്നാട് അധികൃതർ സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിച്ചതുമായി ബന്ധപ്പെട്ട വിഷയങ്ങൾ വ്യക്തമാക്കിക്കൊണ്ട്, ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലുള്ള റിട്ട് ഹർജ്ജിയുടെ ഭാഗമായി 08/12/2021 തീയതിയിലെ IA 161599/2021 നമ്പർ സത്യവാങ്മൂലം കേരളം സമർപ്പിച്ചിട്ടുണ്ട്. ജനങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് മാറ്റുന്നതുൾപ്പെടെ ആവശ്യമായ സമയം അനുവദിക്കാതെയും, ശരിയായ രീതിയിൽ മുന്നറിയിപ്പുകൾ ജില്ലാ ഭരണകൂടത്തിനു ലഭ്യമാക്കാതെയും, പുലർച്ചെയും, അസമയങ്ങളിലുമായി തമിഴ്നാട് അധികൃതർ സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിച്ച് വലിയതോതിൽ ജലം പുറത്തേക്കൊഴുക്കി, അണക്കെട്ടിനു താഴെയുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകളും, അവരുടെ സ്വത്തിനുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ചുമുള്ള വിവരങ്ങൾ രേഖാമൂലം ബഹു. കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. മേൽപറഞ്ഞ സത്യവാങ്മൂലത്തിൽ, വേണ്ടത്ര മുന്നറിയിപ്പ് നേരത്തെ നൽകാതെ അസമയങ്ങളിൽ ജലം ഒഴുക്കി വിടുന്നത് ഒഴിവാക്കുന്നതിനും, കാലാവസ്ഥാ നിരീക്ഷണവകുപ്പിന്റെ മുന്നറിയിപ്പുകൾ കണക്കിലെടുത്തു പകൽ സമയം ക്രമേണ അധിക ജലം ഒഴുക്കി ആവശ്യമായ Flood Cushion ജലസംഭരണിയിൽ നിലനിർത്തുന്നതിനുമുള്ള നിർദ്ദേശം തമിഴ്നാടിനു നൽകണമെന്നും ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനാവശ്യമായ സമയം ലഭിക്കുന്നതിനായി, കഴിയുന്നതും സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട മുന്നറിയിപ്പുകൾ 24 മണിക്കൂർ മുൻപെങ്കിലും ജില്ലാ ഭരണകൂടത്തെ അറിയിക്കുന്നതിനുള്ള സംവിധാനം |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തണമെന്നും, ഷട്ടർ ഓപ്പറേഷനുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിനായി കേരള-തമിഴ്നാട് ഉദ്യോഗസ്ഥരടങ്ങുന്ന ഒരു സംയുക്ത സമിതിയെ ചുമതലപ്പെടുത്തണമെന്നും കേരളം ആവശ്യപ്പെട്ടു. കേരളത്തിന്റെ ടി സത്യവാങ്മൂലത്തിനെതിരായി 14/12/2021ൽ തമിഴ്നാട് ബഹു. സുപ്രീംകോടതിയിൽ സത്യവാങ്മൂലം സമർപ്പിക്കുകയും ടി വിഷയം 15/12/2021-ൽ ബഹു. സുപ്രീംകോടതിയുടെ പരിഗണനയിൽ വരികയും, ആയത് സംബന്ധിച്ച് വിശദമായ വാദം കേൾക്കുന്നതിനു പകരം ഈ വിഷയത്തിൽ ഉചിതമായ തീരുമാ നങ്ങൾ കൈക്കൊള്ളാൻ മേൽനോട്ട സമിതിയോട് ബഹു. കോടതി നിർദ്ദേശിച്ചു. തുടർന്ന് 17/02/2022ൽ ഫയൽ ചെയ്ത Written Submission-ലും കേരളം ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ